# Desabhimani
# 24 July 2018
# Kottayam, Emergency Relief

## കോട്ടയത്ത് അടിയന്തര സഹായം കൈമാറി

സ്വന്തം ലേഖകൻ

**കോട്ടയം**

സർക്കാരിന്റെ വിവിധ വകുപ്പുകൾ ഉണർന്നുപ്രവർത്തിച്ചാണ് കോട്ടയം ജില്ലയിൽ കെടുതി അനുഭവിച്ചവർക്ക് ആശ്വാസം ഒരുക്കിയത്. ദുരിതാശ്വാസക്യാമ്പുകളിലെ ഓരോ കുടുംബത്തിനും അടിയന്തരസഹായമായി ആയിരം രൂപ വീതം നൽകി. രണ്ടു ദിവസത്തിലേറെ വീട്ടിൽ വെള്ളം കെട്ടിനിന്നവർക്ക് മുഖ്യമന്ത്രി നിർദേശിച്ച 3,800 രൂപ വീതം അനുവദിച്ചുകഴിഞ്ഞു. ബാങ്ക് അക്കൗണ്ടിലൂടെയാണ് ആശ്വാസധനം കൈമാറുന്നത്. മഴക്കെടുതിയിൽ മരിച്ചവരുടെ കുടുംബത്തിന് 10,000 രൂപ വീതം അടിയന്തരസഹായം കൈമാറി. മറ്റുനടപടികൾ പൂർത്തിയാക്കി, ബാക്കി തുകയും കൈമാറും.

ദുരിതബാധിതരെ പാർപ്പിക്കാൻ ജില്ലയിലാകെ 182 ക്യാമ്പുകൾ സർക്കാർ ഇടപെട്ട് ഒരുക്കിയിരുന്നു. ഇവർക്ക് സിവിൽ സപ്ലൈസ് വകുപ്പ് മുഖേന അരി, പയർ വർഗങ്ങൾ ഉൾപ്പെടെ ലഭ്യമാക്കി. ഗ്യാസ് സിലണ്ടറുകളും ഏജൻസികൾ മുഖേന ലഭ്യമാക്കി. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. വീട്ടിൽ വെള്ളംകയറി റേഷകാർഡുകൾ നഷ്ടപ്പെട്ടവർക്ക് ഡ്യൂപ്ലിക്കേറ്റ് കാർഡ് നൽകാൻ സിവിൽ സപ്ലൈസ് വകുപ്പ് നടപടിയെടുത്തു.

**ജില്ലയിലാകെ 182 ക്യാമ്പുകൾ**

പലരും ക്യാമ്പുകളിലേക്ക് മാറാൻ ആദ്യം തയ്യാറായിരുന്നില്ല. അപകടസാധ്യത മനസ്സിലാക്കി നിർബന്ധിച്ചാണ് പലരെയും റവന്യൂ ഉദ്യോഗസ്ഥസംഘം സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റിയത്. സന്നദ്ധ സംഘടനകളെയും വസ്ത്ര വ്യാപാരികളെയും ബന്ധപ്പെട്ട് ക്യാമ്പുകളിലേക്ക് വസ്ത്രങ്ങൾ എത്തിക്കാനും കലക്ടറുടെ നേതൃത്വത്തിൽ സാധിച്ചു.

ദേശീയ ദുരന്തനിവാരണസേന എത്തുന്നതിനുമുൻപേ ആരംഭിച്ച ഫയർഫോഴ്സിന്റെ വിശ്രമമില്ലാത്ത പ്രവർത്തനം കൈയടി നേടി. ആദ്യദിനത്തിൽ വീണ മരങ്ങൾമുറിച്ച് ഉടനെ ഗതാഗതം പുനഃസ്ഥാപിച്ചായിരുന്നു തുടക്കം. വെള്ളപ്പൊക്കപ്രദേശങ്ങളിൽ കോട്ടയം ഡിവിഷനിലെ നൂറോളം ജീവനക്കാരും മറ്റു ഡിവിഷനുകളിൽ നിന്നെത്തിയ 40 ജീവനക്കാരും ചേർന്ന് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഈരാറ്റുപേട്ട, പാലാ പ്രദേശങ്ങളിൽ നിന്നു മാത്രമായി വിദ്യാർഥികളടക്കം വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ട 250 ഓളം പേരെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റി. 1,500ൽ പരം ആളുകളെ ഫയർഫോഴ്സ് സംഘം രക്ഷിച്ചു. കോട്ടയം ജില്ലയിൽമാത്രം 34.43 കോടി രൂപയുടെ നഷ്ടം നേരിട്ടതായാണ് പ്രാഥമിക വിലയിരുത്തൽ.